# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/39/87/2018 2018 ഏപ്രിൽ 26

## പത്രക്കുറിപ്പ്

**അപേക്ഷാ തീയതി**

നാലാം സെമസ്റ്റർ ഡി.ഡി. എം.സി.എ. (2016 അഡ്മിഷൻ റഗുലർ/2014 & 2015 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ മെയ് 23ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ മെയ് 2 വരെയും 50 രൂപ പിഴയോടെ 3 വരെയും 500 രൂപ സൂപ്പർഫൈനോടെ 7 വരെയും സ്വീകരിക്കും.

**ഓഫ് കാമ്പസ് പരീക്ഷ**

മഹാത്മാഗാന്ധി സർവ്വകലാശാലാ ഓഫ് കാമ്പസ് പരീക്ഷകൾ മെയ് 3ന് ആരംഭിക്കും. വിദ്യാർത്ഥികൾ പരീക്ഷാകേന്ദ്രത്തിലെ ചീഫ് സൂപ്രണ്ടിന്റെ പക്കൽ നിന്നും ഹാൾ ടിക്കറ്റുകൾ കൈപ്പറ്റേണ്ടതാണ്. പരീക്ഷാഹാളിൽ ഹാൾടിക്കറ്റിനൊപ്പം ഫോട്ടോ പതിച്ച തിരിച്ചറിയൽ രേഖയും ഹാജരാക്കണം. പരീക്ഷാകേന്ദ്രങ്ങളെ സംബന്ധിച്ച വിശദവിവരങ്ങൾ www.mgu.ac.in എന്ന വെബ് സൈറ്റിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0481 – 2733624.

**പി.എച്ച്.ഡി. നൽകി**

സ്പെഷ്യൽ എജ്യൂക്കേഷനിൽ റ്റി.എസ്. നിഷയ്ക്കും എസ്. ശ്രീജയ്ക്കും സൈക്കോളജിയിൽ ദിവ്യ റോസ് പീറ്ററിനും ബോബൻ ഇറാനിമോസിനും കെമിസ്ട്രിയിൽ മേരിമോൾ മൂത്തേടനും ആര്യ അനിലിനും മാത്തമാറ്റിക്സിൽ വിനോയ് ജോർജിനും മാനേജ്മെന്റ് സ്റ്റഡീസിൽ ജോഷി ജോണിനും ഇലക്ട്രോണിക്സിൽ ജേക്കബ് എബ്രഹാമിനും സുവോളജിയിൽ എസ്. സുമേഷിനും സ്റ്റാറ്റിസ്റ്റിക്സിൽ കാതറിൻ തോമസിനും ഫാർമസിയിൽ ആർ. അരുൺ രാജിനും ബയോകെമിസ്ട്രിയിൽ സൂര്യ പി. രാജേന്ദ്രനും ബയോ സയൻസസിൽ സൗമ്യ സോമനും ഫിസിക്സിൽ എൻ.എച്ച്. ഷീബയ്ക്കും സിജോ സെബാസ്റ്റ്യനും എജ്യൂക്കേഷനിൽ എം. സന്ധ്യ രാജിനും കെ. തോമസിനും പി. പ്രേമചന്ദ്രനും ജിജി പോളിനും എൻവയൺമെന്റൽ സയൻസസിൽ വി. അരുൺ ബാബുവിനും ഇംഗ്ലീഷിൽ ബിനോയ് കുര്യനും മിനി എം. എബ്രഹാമിനും മരിയ തെരേസ ചാക്കുണ്ണിയ്ക്കും കൊമേഴ്സിൽ വി.ജെ. റോസിനും ഇക്കണോമിക്സിൽ കെ. മുരളിയ്ക്കും ഹിന്ദിയിൽ ജിൻസി മാത്യുവിനും മലയാളത്തിൽ പി.എസ്. അനുവിനും ഇന്റർനാഷണൽ റിലേഷൻസിൽ എം. രാജേഷിനും മഹാത്മാഗാന്ധി സർവ്വകലാശാല പി.എച്ച്.ഡി. ബിരുദം നൽകുവാൻ തീരുമാനിച്ചു.

**പരീക്ഷാഫലം**

മഹാത്മാഗാന്ധി സർവ്വകലാശാലാ സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് - ഡിപ്പാർട്ട്മെന്റ് ഓഫ് ഇന്ത്യൻ സൈൻ ലാംഗ്വേജിൽ 2017 ആഗസ്റ്റ് മാസത്തിൽ നടത്തിയ രണ്ടാം സെമസ്റ്റർ പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ ഇന്ത്യൻ സൈൻ ലാംഗ്വേജ് (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി.

2017 ജൂണിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എസ്.സി. ബയോ സ്റ്റാറ്റിസ്റ്റിക്സ് (റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മെയ് 8 വരെ അപേക്ഷിക്കാം.

2017 ഒക്ടോബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എഡ്. സ്പെഷ്യൽ എജ്യൂക്കേഷൻ (ഇന്റലക്ചൽ ഡിസെബിലിറ്റി - റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മെയ് 9 വരെ അപേക്ഷിക്കാം.

**റിസർച്ച് അസോസിയേറ്റ് ഒഴിവ്**

മഹാത്മാഗാന്ധി സർവ്വകലാശാലാ ഇന്റർനാഷണൽ ആന്റ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോ സയൻസ് ആന്റ് നാനോ ടെക്നോളജിയും IUCOFSAയും സംയുക്തമായി നടത്തുന്ന ജൈവ പ്രോജക്ടിലേക്ക് രണ്ട് റിസർച്ച് അസോസിയേറ്റുകളെ ആവശ്യമുണ്ട്. പി.എച്ച്.ഡി. ഇൻ കെമിസ്ട്രി അല്ലെങ്കിൽ ലൈഫ് സയൻസ് ആണ് വിദ്യാഭ്യാസ യോഗ്യത. ബയോമെറ്റീരിയൽസ് സിന്തസിസ് & കാരക്ടറൈസേഷൻ, ഡ്രഗ് ഡെലിവറി, നാനോ മെറ്റീരിയൽസ് തുടങ്ങിയ മേഖലയിൽ മൂന്നു

വർഷത്തെ ഗവേഷണ പരിചയവും ഉണ്ടായിരിക്കണം. താൽപ്പര്യമുള്ളവർ അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം ഏപ്രിൽ 30ന് രാവിലെ 10ന് നാനോ സെന്ററിൽ ഹാജരാകണം. വിശദവിവരങ്ങൾ www.iiucnn.com എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്ജ്)**